(സി) ജില്ലയിലെ ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര ഓക്സിജൻ ബെഡ്ഡുകൾ വീതം ഉണ്ടെന്ന വിവരം സർക്കാർ, സ്വകാര്യമേഖല തിരിച്ച് അറിയിക്കുമോ?

ജില്ലയിൽ സർക്കാർ മേഖലയിൽ ആകെ 224-ഉം, സ്വകാര്യ മേഖലയിൽ ആകെ 1037-ഉം ഓക്സിജൻ ബെഡ്ഡുകൾ ഉണ്ട്.

**ഹോമിയോപ്പതി വകുപ്പ് - ഡ്യൂട്ടി മാന്വൽ**

242 (4967) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ജീവനക്കാരുടെ ഡ്യൂട്ടി മാന്വൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലില്ല.

(ബി) ഇല്ലെങ്കിൽ ഡ്യൂട്ടി മാന്വൽ പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡ്യൂട്ടി മാന്വൽ പുറത്തിറക്കുന്നതിനുള്ള നടപടികൾ ഹോമിയോപ്പതി ഡയറക്ടറേറ്റ് തലത്തിൽ പൂർത്തീകരിച്ചുവരുന്നു. പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) വകുപ്പുതല ഡ്യൂട്ടി മാന്വൽ ഇല്ലെങ്കിൽ ഏത് ഡ്യൂട്ടി മാന്വൽ പ്രകാരമാണ് ജീവനക്കാർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഭാഗമായിരുന്നപ്പോൾ പ്രസ്തുത വകുപ്പ് 1966-ൽ പുറത്തിറക്കിയ മാന്വലിൽ പറഞ്ഞിരിക്കുന്നത് പ്രകാരവും അതിനുശേഷം കാലാകാലങ്ങളിൽ ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധമായ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഹോമിയോപ്പതി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രകാരവും ആണ് ഹോമിയോപ്പതി വകുപ്പിലെ ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിരിക്കുന്നത്.

**വാക്സിൻ നിർമ്മാണത്തിന് അടിസ്ഥാന സൗകര്യവികസനം**

243 (4968) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരീകരിക്കുന്ന പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ജന്തുജന്യമാണെന്നതും ഇത്തരം പകർച്ചവ്യാധികൾ മനുഷ്യരിലേയ്ക്ക് ബാധിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതുമായ ഗുരുതര സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly